ഹദീസ്

കെ.സി ജലീല്‍ പുളിക്കല്‍

# അതിശക്തമായ താക്കീത്

عَنْ أَبِي هُرَيْرَةَ، عَنِ النَّبِيِّ صلى الله عليه وسلم قَالَ : رَغِمَ أَنْفُ ثُمَّ رَغِمَ أَنْفُ ثُمَّ رَغِمَ أَنْفُ . قِيلَ : مَنْ يَا رَسُولَ اللَّهِ قَالَ: مَنْ أَدْرَكَ أَبَوَيْهِ عِنْدَ الْكِبَرِ أَحَدَهُمَا أَوْ كِلَيْهِمَا فَلَمْ يَدْخُلِ الْجَنَّةَ .(مسلم)

**അബൂഹുറയ്‌റയില്‍നിന്ന്. നബി(സ) പറഞ്ഞു: 'അവന്റെ മൂക്ക് മണ്ണില്‍ കുത്തട്ടെ, അവന്റെ മൂക്ക് മണ്ണില്‍ കുത്തട്ടെ, അവന്റെ മൂക്ക് മണ്ണില്‍ കുത്തട്ടെ.' ശ്രോതാക്കള്‍ ചോദിച്ചു: 'ആരുടെ, റസൂലേ?' തിരുദൂതന്‍ അരുളി: 'തന്റെ മാതാപിതാക്കള്‍, അവരിലൊരാളാകട്ടെ രണ്ടാളും തന്നെയാകട്ടെ, വൃദ്ധരായി കൂടെയുണ്ടായിട്ടും (അവരെ പരിചരിച്ച്) സ്വര്‍ഗപ്രവേശം ലഭിക്കാത്തവന്‍' (മുസ്‌ലിം).**

വിശ്വാസിയെ സ്തബ്ധനാക്കുന്ന, മനുഷ്യത്വത്തിന്റെ അംശമെങ്കിലും ബാക്കിയായവനെ മാനസാന്തരപ്പെടുത്തുന്ന, വൃദ്ധസദനത്തിലേക്ക് മാതാപിതാക്കളെയുമായി പുറപ്പെട്ടവനെ തിരിച്ചുനടത്തിക്കുന്ന ഒരു നബിവചനമാണിത്. മൃദുലശൈലിയുടെ ഉടമയായ, കാരുണ്യത്തിന്റെ നിറകുടമായ ദൈവദൂതരില്‍നിന്നാണ് ഇത്രയും പ്രഹരശേഷിയുള്ള വാക്കുകള്‍ പുറത്തു വരുന്നതെന്ന കാര്യം വിഷയത്തിന്റെ ഗൗരവം വര്‍ധിപ്പിക്കുന്നു. മാതാപിതാക്കളോടുള്ള അവഗണന എത്ര ഗുരുതരമാണെന്നും അവരുടെ പരിചരണം എത്ര സുപ്രധാനമാണെന്നും ഇതിനേക്കാള്‍ വാചാലമായി എങ്ങനെ പറയാനാവും!

ഇതിനേക്കാള്‍ ഗൗരവമുള്ള ശൈലിയില്‍ ഇതേ വിഷയം ദൈവദൂതന്‍ മറ്റു സന്ദര്‍ഭങ്ങളിലും ഉണര്‍ത്തിയിട്ടുണ്ട്. ഒരിക്കല്‍ മിമ്പറില്‍ കയറി പ്രവാചകന്‍ മൂന്ന് പ്രാവശ്യം 'ആമീന്‍' പറയുന്നതു കേട്ട ശ്രോതാക്കള്‍ കാര്യമന്വേഷിച്ചു. മലക്ക് ജിബ്‌രീല്‍ നടത്തിയ മൂന്ന് പ്രാര്‍ഥനകള്‍ക്ക് താന്‍ 'ആമീന്‍' പറയുകയായിരുന്നെന്ന് പ്രവാചകന്‍ മറുപടി നല്‍കി. പ്രാര്‍ഥനകളിലൊന്ന് ഇതായിരുന്നു; 'വാര്‍ധക്യത്തിലെത്തിയ മാതാപിതാക്കളെ പരിചരിക്കാന്‍ അവസരം ലഭിച്ചിട്ടും അത് മുഖേന സ്വര്‍ഗപ്രവേശനം നേടാനാകാത്തവന് അല്ലാഹുവിന്റെ ശാപമുണ്ടാകട്ടെ.' പ്രാര്‍ഥന നടത്തുന്നത് ജിബ്‌രീല്‍! ആമീന്‍ ചൊല്ലുന്നത് പ്രവാചകന്‍!! മാതാപിതാക്കളെ വേണ്ടവിധം പരിചരിക്കാത്തവന് ഇതിലപ്പുറം എന്തുണ്ട് നാശഹേതുവായി?! മറിച്ചാണെങ്കിലോ ശാശ്വത സ്വര്‍ഗവും. അതിലപ്പുറം എന്തുണ്ട് സൗഭാഗ്യം!

പെണ്‍കുട്ടികളെ ജീവനോടെ കുഴിച്ചുമൂടുക എന്ന അതിക്രൂരമായ പ്രവൃത്തിയോടൊപ്പം മാതാപിതാക്കളോടുള്ള ധിക്കാരത്തെ എണ്ണിയതായി മറ്റൊരു നബിവചനത്തില്‍ കാണാം. 'അല്ലാഹുവിന്റെ പ്രീതിയും വെറുപ്പും മാതാപിതാക്കളുടെ പ്രീതിയിലും വെറുപ്പിലും' എന്നും നബി പഠിപ്പിക്കുന്നു.

മാതാപിതാക്കളോടുള്ള ചെറിയ അപമര്യാദ പോലും വന്‍പാപമാണെങ്കില്‍ അവരോട് ക്രൂരത കാണിച്ചാലോ! അവര്‍ക്ക് ശിക്ഷ നല്‍കാന്‍ പരലോകം വരെ കാത്തുനില്‍ക്കാനുള്ള ക്ഷമ അല്ലാഹുവിനുണ്ടാവുകയില്ലെന്നും ഇഹലോകത്തു തന്നെ ശിക്ഷയനുഭവിച്ചു തുടങ്ങുമെന്നെല്ലാം കുറിക്കുന്ന നബിവചനങ്ങളുണ്ട്, അത് അനുഭവവുമാണ്.

സന്ദിഗ്ധ ഘട്ടത്തില്‍ പ്രവാചകന്റെ ആജ്ഞയനുസരിച്ച് യുദ്ധത്തിനെത്തിയ വ്യക്തിയെ, മാതാപിതാക്കള്‍ക്ക് അയാളുടെ പരിചരണമാവശ്യമാണെന്നറിഞ്ഞപ്പോള്‍ വീട്ടിലേക്ക് തിരിച്ചയച്ചുകൊണ്ട് 'നിന്റെ സ്വര്‍ഗം നിന്റെ മാതാപിതാക്കളുടെ പരിചരണത്തിലാണ്' എന്ന് പഠിപ്പിക്കുകയുണ്ടായി ഒരിക്കല്‍ നബി(സ).

മാതാപിതാക്കളില്‍നിന്ന് എത്ര അരോചകമായ സമീപനമുണ്ടായാലും അവരോട് 'ഛെ' എന്ന വെറുപ്പിന്റെ ശബ്ദം പോലും ഉണ്ടാകരുതെന്നാണ് മക്കളോടുള്ള ഖുര്‍ആന്റെ ശാസന. കാരുണ്യത്തില്‍നിന്നുണ്ടായ സ്നേഹത്തിന്റെയും വാത്സല്യത്തിന്റെയും താഴ്മയുടെയും ചിറക് താഴ്ത്തിക്കൊടുക്കണമെന്നും ഖുര്‍ആന്‍ കല്‍പിക്കുന്നു. മാത്രമല്ല, 'നാഥാ, അവരിരു പേര്‍ക്കും നീ കാരുണ്യം നല്‍കേണമേ, ചെറുപ്പത്തിലവരെന്നെ കാരുണ്യത്തില്‍ വളര്‍ത്തിയ പോലെ' എന്ന് പ്രാര്‍ഥിക്കണമെന്നും പഠിപ്പിക്കുന്നു.

മക്കള്‍ കായികമായി ശക്തരാവുകയും മാതാപിതാക്കള്‍ ദുര്‍ബലരാവുകയും ചെയ്യുന്ന അവസ്ഥയില്‍ ആണ്‍മക്കള്‍ ഏറ്റവും മനസ്സിരുത്തി ഉള്‍ക്കൊള്ളേണ്ട ഖുര്‍ആനിക ഭാഗമാണിത്. വാര്‍ധക്യംകൊണ്ട് കിടപ്പിലായില്ലെങ്കിലും അവഗണന അവരെ അസ്വസ്ഥരാക്കും.

ചെറുപ്രായത്തില്‍ മാതാപിതാക്കള്‍ കാരുണ്യത്തില്‍ വളര്‍ത്തിയത് മക്കളെ ഓര്‍മിപ്പിക്കുന്നത് അവരുടെ മനസ്സിനെ തട്ടിയുണര്‍ത്താന്‍ തന്നെയാണ്. അന്നവര്‍ സഹിച്ച പ്രയാസത്തിലേക്കും ഖുര്‍ആന്‍ ശ്രദ്ധ ക്ഷണിക്കുന്നു; ഉദാഹരണം, *ലുഖ്മാന്‍* അധ്യായം.

വാര്‍ധക്യം പ്രാപിക്കുമ്പോള്‍ മനുഷ്യന്റെ സൃഷ്ടിഘടന തലകീഴായി മറിയുന്നു, അവന്‍ ശിശുവിനെപ്പോലെയായിത്തീരുന്നു എന്ന് ഖുര്‍ആന്‍ തന്നെ സൂചിപ്പിക്കുന്നുണ്ടല്ലോ. കുട്ടികളെന്ത് ചെയ്താലും സഹിക്കുന്നവര്‍, മാതാപിതാക്കളോട് അങ്ങനെയല്ല എന്നതാണ് പൊതുവെ കണ്ടു വരുന്നത്. ഇത് ഖുര്‍ആനിക നിര്‍ദേശത്തിനെതിരാണ്.

മാതാപിതാക്കളെ പരിചരിക്കുന്നതില്‍ അവരുടെ ആദര്‍ശ-മതവിശ്വാസങ്ങള്‍ പരിഗണിക്കേണ്ടതില്ലെന്ന് ഖുര്‍ആനും (*ലുഖ്മാന്‍* അധ്യായം) നബിവചനവും പഠിപ്പിക്കുന്നുണ്ട്. ●